പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2346 **27-10-2026-ൽ മറുപടിയ്ക്ക്**

സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സ്റ്റാർട്ടപ്പിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: മലബാർ മേഖലയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, കോഴിക്കോട് UL സൈബർപാർക്ക്, ഗവൺമെന്റ് സൈബർപാർക്ക് എന്നിവിടങ്ങളിലെയും കാസർഗോഡ് ASAP സ്കിൽ സെന്റർ, പാലക്കാട് പോളിടെക്നിക് കോളേജ്, കണ്ണൂരിലെ MIZONE, മലപ്പുറത്തെ ZilCubator, മഞ്ചേരി RISE, വയനാട്ടിലെ iNEST എന്നിവയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. കൂടാതെ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കണ്ണൂർ സർവകലാശാലയിലെ ഇൻകുബേഷൻ കേന്ദ്രം ഈ മേഖലയിലെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകിവരുന്നു. വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അവരുടെ ആശയങ്ങൾ പ്രായോഗിക സംരംഭങ്ങളാക്കി മാറ്റുന്നതിന് ആവശ്യമായ മാർഗനിർദേശവും ഇൻകുബേഷൻ സൗകര്യങ്ങളും നൽകുന്നതിലൂടെ ഈ കേന്ദ്രം മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കോളേജ് വിദ്യാർഥികളെയും യുവാക്കളെയും സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടി കേരള സ്റ്റാർട്ട് അഡ്മിഷൻ ഐഡിസി സമ്മിറ്റ് എല്ലാവർഷവും നടത്താറുണ്ട്.2024, 2025 വർഷങ്ങളിൽ കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഈ സമ്മിറ്റ് നടത്തിയത്.

(ബി) സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പിന്തുണയും നൽകുന്നതിന് തിരുവനന്തപുരം, കൊച്ചി മാതൃകയിൽ മലബാർ മേഖലയിൽ സ്റ്റാർട്ടപ്പ് ഹബ്ബ്/സ്റ്റാർട്ടപ്പ് സെന്റർ സ്ഥാപിക്കുന്നതിനോ സമാന സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനോ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

മറുപടി: സ്റ്റാർട്ടപ്പുകൾക്ക് ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി LEAP എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ വെബ്സൈറ്റ് (startupmission.kerala.gov.in) വഴി സ്റ്റാർട്ടപ്പുകൾക്ക് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക്

അർഹതയ്ക്കും നിബന്ധനകൾക്കും വിധേയമായി മറ്റ് വിവിധ പദ്ധതികളിലേക്കും പ്രോഗ്രാമുകളിലേക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മലബാർ ഇന്നൊവേഷൻ കോറിഡോർ എന്നത് ഉത്തരകേരളത്തിലെ സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിച്ച് വളർച്ചാ സാധ്യതയുള്ള സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ്.

(സി) എല്ലാവിധ യാത്രാ സൗകര്യവുമുള്ള കൊണ്ടോട്ടി മണ്ഡലത്തിലെ എയർപോർട്ട് പരിസരത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്റ്റാർട്ടപ്പ് ഹബ്ബ്/സ്റ്റാർട്ടപ്പ് സെന്റർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കൊണ്ടോട്ടി മണ്ഡലം ഉൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമത്തിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ LEAP സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ